## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3570. 17.10.2011-ൽ മറുപടിയ്ക്ക്

### തിരുവനന്തപുരം ജില്ലയിലെ തീരദേശ നിവാസികളുടെ ആരോഗ്യസംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി. | | ശ്രീ: അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ തീരദേശ നിവാസികളുടെ ആരോഗ്യ സംരക്ഷണത്തിന് എത്ര പി.എച്ച്.സി., സി.എച്ച്സികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ തീരദേശങ്ങളിൽ 9 പി.എച്ച്.സികളും, 6 സി.എച്ച്സികളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇവിടങ്ങളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചിലകേന്ദ്രങ്ങളിൽ അടിസ്ഥാന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.. |
| (സി) | ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടത് ടി. ആശുപത്രികളുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. തീരദേശപ്രദേശങ്ങളിലെ ആശുപത്രികളുടെ നവീകരണപ്രവർത്തനങ്ങൾക്കും പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം 438/07/ആ.കു.വ. തീയതി 25.10.2007 പ്രകാരം അനുമതി നൽകുകയും ടി. ഉത്തരവ് പ്രകാരം സി.എച്ച്.സി വിഴിഞ്ഞം, അഞ്ചുതെങ്ങ്, പുല്ലുവിള, പൂന്തുറ, പി.എച്ച്.സി വലിയതുറ, തിരുവല്ലം, പുതുക്കുറുച്ചി എന്നിവിടങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ